കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# ആഭ്യന്തരത്തിൽ ഇനി ചെന്നിത്തല യുഗം



ലേഖനം



ജോസ് കണിയാലി

കേരള രാഷ്ട്രീയ ചരിത്രത്തിൽ അഞ്ച് പതിറ്റാണ്ടുകാലമായി കോൺഗ്രസ് പ്രസ്ഥാനത്തിന്റെ നെടുംതൂണായി നിലകൊള്ളുന്ന നേതാവാണ് രമേശ് ചെന്നിത്തല. കെ.എസ്.യു കാലഘട്ടം മുതൽ സാധാരണക്കാരായ മനുഷ്യർക്കിടയിൽ ജീവിച്ച്, അവരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടാണ് അദ്ദേഹം തന്റെ രാഷ്ട്രീയ വ്യക്തിത്വം രൂപപ്പെടുത്തിയത്. കെ.പി.സി.സി പ്രസിഡന്റ്, മികച്ച പാർലമെന്റേറിയൻ, ജനപ്രിയനായ ആഭ്യന്തര മന്ത്രി, സർക്കാരിന്റെ വീഴ്ചകൾ ജനങ്ങൾക്ക് മുന്നിൽ തുറന്നുകാട്ടിയ പ്രതിപക്ഷ നേതാവ് തുടങ്ങി നിരവധി സുപ്രധാന പദവികൾ അദ്ദേഹം തികഞ്ഞ മാതൃകയോടെ അലങ്കരിച്ചിട്ടുണ്ട്. കറപുരളാത്ത രാഷ്ട്രീയ ജീവിതവും കഠിനാധ്വാനവും കൈമുതലായുള്ള അദ്ദേഹത്തിന്റെ വ്യക്തിത്വം കേരളത്തിലെ ജനാധിപത്യ വിശ്വാസികൾക്ക് എക്കാലവും വലിയൊരു ആവേശമാണ്.

കേരളത്തിന്റെ മുൻ ആഭ്യന്തരമന്ത്രി എന്ന നിലയിൽ ക്രമസമാധാന പാലനത്തിലും ഭരണനിർവഹണത്തിലും സമാനതകളില്ലാത്ത കൈയൊപ്പ് ചാർത്താൻ രമേശ് ചെന്നിത്തലയ്ക്ക് സാധിച്ചിട്ടുണ്ട്. പോലീസിന്റെ ആധുനികവൽക്കരണത്തിലും ജനസൗഹൃദ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിലും അദ്ദേഹം കാണിച്ച ദീർഘവീക്ഷണം ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. ഭരണാധികാരി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പക്വതയും, ഏത് പ്രതിസന്ധി ഘട്ടത്തിലും കൃത്യമായ തീരുമാനങ്ങൾ എടുക്കാനുള്ള പ്രാപ്തിയും ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന് വലിയ സ്വീകാര്യതയാണ് നേടിക്കൊടുത്തത്. ദീർഘകാലത്തെ ഈ ഭരണ – സംഘടനാ അനുഭവപരിചയം വരുംകാലങ്ങളിലും പ്രസ്ഥാനത്തിനും നാടിനും വലിയ രീതിയിൽ തുണയാകുമെന്നതിൽ തർക്കമില്ല.

കേരളത്തിന് പുറത്തുള്ള ലക്ഷക്കണക്കിന് വരുന്ന മലയാളി സമൂഹവുമായി, പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള പ്രവാസികളുമായി എന്നും ഊഷ്മളവും സവിശേഷവുമായ ഒരു ബന്ധം കാത്തുസൂക്ഷിക്കുന്ന നേതാവാണ് അദ്ദേഹം. മറുനാടൻ മലയാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമത്തിനും വേണ്ടി നിരന്തരം ശബ്ദമുയർത്താൻ അദ്ദേഹം എപ്പോഴും മുന്നിലുണ്ടായിരുന്നു. പ്രവാസ ലോകത്തെ സംഘടനകളുമായും വ്യക്തികളുമായും അടുത്ത സൗഹൃദം പുലർത്തുന്ന അദ്ദേഹം, പ്രവാസികളുടെ പ്രയാസങ്ങളിലും വിമാനയാത്രാ നിരക്ക് വർദ്ധനവ് പോലുള്ള പ്രതിസന്ധികളിലും ശക്തമായ നിലപാടുകളുമായി ഒപ്പം നിന്നിട്ടുണ്ട്. ജന്മനാട്ടിലേക്ക് തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസ കാര്യങ്ങളിലും അദ്ദേഹം എന്നും അതീവ താല്പര്യം കാണിക്കുന്നു.



കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി എന്നിവർ രമേശ് ചെന്നിത്തലയോടൊപ്പം




2025 മെയ് മാസത്തിൽ ചിക്കാഗോയിലെ കേരളാ എക്സ്പ്രസ്സ് ഓഫീസ് സന്ദർശിച്ച രമേശ് ചെന്നിത്തലയെ ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ ബൊക്കെ നൽകി സ്വീകരിക്കുന്നു. എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, മാനേജിംഗ് എഡിറ്റർമാരായ ഡോ. ടൈറ്റസ് ഈപ്പൻ, അനീഷ് ഈപ്പൻ, എഡിറ്റർ കുര്യൻ ഫിലിപ്പ്, ഫെലിക്സ് മുണ്ടപ്ലാക്കിൽ എന്നിവർ സമീപം

വർത്തമാനകാല രാഷ്ട്രീയ സാഹചര്യങ്ങളിൽ അനുഭവസമ്പന്നരായ നേതാക്കളുടെ സാന്നിധ്യം എത്രത്തോളം അനിവാര്യമാണെന്ന് അദ്ദേഹത്തിന്റെ ഓരോ ഇടപെടലുകളും തെളിയിക്കുന്നു. ജനങ്ങളുടെ നാഡിമിടിപ്പ് അറിഞ്ഞ് പ്രവർത്തിക്കാനും പാർട്ടി പ്രവർത്തകർക്ക് കൃത്യമായ ദിശാബോധം നൽകാനും അദ്ദേഹത്തിന് സാധിക്കുന്നുണ്ട്. തന്റെ രാഷ്ട്രീയ ജീവിതത്തിൽ ഉയർച്ചതാഴ്ചകളെ പക്വതയോടെ നേരിട്ട അദ്ദേഹം, വരുംനാളുകളിൽ കൂടുതൽ ജനസേവന രംഗങ്ങളിലേക്ക് കടന്നുവരുമ്പോൾ ഈ അനുഭവസമ്പത്ത് തന്നെയാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കരുത്ത്. കേരളത്തിലെ സാധാരണക്കാരുടെയും പ്രവാസികളുടെയും പ്രശ്നങ്ങളിൽ ഇനിയും സജീവമായി ഇടപെടാൻ അദ്ദേഹത്തിന് സാധിക്കുമെന്ന് നാട് പ്രത്യാശിക്കുന്നു.

തുടർന്നുള്ള രാഷ്ട്രീയ പ്രയാണത്തിലും ജനകീയ ഇടപെടലുകളിലും കൂടുതൽ തിളങ്ങാൻ അദ്ദേഹത്തിന് സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. ഉയർന്ന പദവികളിലേക്കും കൂടുതൽ വലിയ ഉത്തരവാദിത്തങ്ങളിലേക്കും കടന്നുവരാൻ അദ്ദേഹത്തിന്റെ നേതൃപാടവം വഴിയൊരുക്കട്ടെ. തനതായ പ്രവർത്തനശൈലി കൊണ്ടും ജനസമ്മതി കൊണ്ടും മുന്നേറുന്ന പ്രിയ നേതാവ് രമേശ് ചെന്നിത്തലയ്ക്ക് വരും നാളുകളിൽ ജനങ്ങൾക്കായി കൂടുതൽ മികച്ച കാര്യങ്ങൾ ചെയ്യാൻ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.